AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

**Press Release**

PR . 88/2019 15.07.2019

## കൃഷിവകുപ്പിലെ ഇ-ഓഫീസ് സംവിധാനം കൃഷിമന്ത്രി ഉദ്ഘാടനം ചെയ്തു

കാർഷിക വികസന കർഷകക്ഷേമവകുപ്പിൽ ഇ-ഓഫീസ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വികാസ്ഭവനിലെ കൃഷി ഡയറക്ടറേറ്റിൽ ഇ-ഓഫീസ് പ്രവർത്തനം കൃഷിവകുപ്പ് മന്ത്രി വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. ഡയറക്ടറേറ്റിൽ ഐ.റ്റി. ഡിവിഷൻ, തപാൽ സെക്ഷൻ, എഞ്ചിനീയറിംഗ്, ഫൈനാൻസ്, വെജിറ്റബിൾ സെൽ, പെൻഷൻ, ഒ-ആന്റ് എം എന്നീ സെക്ഷനുകളിൽ ആരംഭിക്കുകയും ഒരു മാസത്തിനുള്ളിൽ ഡയറക്ടറേറ്റിലെ 32 സെക്ഷനുകളിലും വ്യാപിപ്പിക്കുകയും ചെയ്യും. ഇതിനെ തുടർന്ന് 14 ജില്ലാ ഓഫീസുകൾ, 152 ബ്ലോക്ക് ഓഫീസുകൾ, 1076 കൃഷിഭവനുകൾ, കൃഷിവകുപ്പിന്റെ മറ്റു ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് നടപ്പിലാക്കും. ഫയലുകൾ കൃത്യസമയത്ത് സുതാര്യമായി ഇലക്ട്രോണിക്കായി പ്രോസസ് ചെയ്യുന്നതുകൊണ്ട് കാലതാമസം ഒഴിവാക്കുവാനും ജോലിഭാരം കുറയ്ക്കുവാനും കാര്യക്ഷമത വർദ്ധിപ്പിക്കുവാനും സാധിക്കുമെന്ന് മന്ത്രി ഉദ്ഘാടനപ്രസംഗത്തിൽ പറഞ്ഞു. ഔദ്യോഗിക സംവിധാനത്തിലെ കാലതാമസം കാരണം ഒരു കർഷകനും ആനുകൂല്യം നിഷേധിക്കപ്പെടുവാനോ കാലതാമസം ഉണ്ടാകാനോ ഇടയാകരുത് എന്ന ഉദ്ദേശത്തോടുകൂടിയാണ് വകുപ്പിലെ മുഴുവൻ ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനത്തിലേക്കു കൊണ്ടുവരുന്നതിന് തീരുമാനിച്ചിട്ടുള്ളത്. 2020 മാർച്ച് 31 ഓടു കൂടി പൂർണ്ണമായി കൃഷിവകുപ്പിലെ എല്ലാ ഓഫീസുകളിലും ഈ സംവിധാനം നടപ്പിലാക്കുന്നതായിരിക്കുമെന്നും മന്ത്രി പറഞ്ഞു. ചടങ്ങിൽ കാർഷികോത്പാദന കമ്മീഷണർ ദേവേന്ദ്രകുമാർ സിംഗ് ഐ.എ.എസ്, കൃഷി വകുപ്പ് സെക്രട്ടറി ഡോ. രത്തൻ യു. ഖേൽകർ ഐ.എ.എസ്, കൃഷിവകുപ്പ് ഡയറക്ടറേറ്റ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
**Website**: www.fibkerala.gov.in **Email:**fibtvm@gmail.com
**Telephone:** 0471 2317314